ICPS-SARA/1382/18

വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്
ഐ.സി. പി.എസ്. , സാരാ.
പൂജപ്പുര, തിരുവനന്തപുരം
തീയതി. 22/06/2018

# വിജ്ഞാപനം

വനിതാ ശിശു വികസന വകുപ്പിന്റെ സംയോജിത ശിശു സംരക്ഷണ പദ്ധതിക്കുകീഴിൽ സ്പെഷ്യൽ നീഡ് കുട്ടികളുടെ സംരക്ഷണത്തിനു വേണ്ടി ഹോം നടത്തുന്നതിന് താൽപര്യമുള്ള സന്നദ്ധ സംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു തിരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധ സംഘടനയ്ക്ക് 2014 ലെ പുതുക്കിയ ഐ.സി.പി.എസ്. ഗൈഡ് ലൈൻ പ്രകാരം വകുപ്പ് ധനസഹായം അനുവദിക്കുന്നതാണ്. സ്പെഷ്യൽ നീഡ് കുട്ടികളുടെ സംരക്ഷണത്തിന് വേണ്ടി തുടങ്ങുന്ന ഹോമിൽ സ്പെഷ്യൽ നീഡ് കുട്ടികളുടെ പുനരധിവാസത്തിന് വേണ്ടിയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള നിബന്ധനകൾ താഴെ പറയുന്നവയാണ്.

1. സ്പെഷ്യൽ നീഡ് കുട്ടികളുടെ സംരക്ഷണത്തിനു വേണ്ടി ഹോം ആരംഭിക്കുവാൻ താൽപര്യമുള്ള സന്നദ്ധ സംഘടനകൾ നിശ്ചിത ഫോറത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്
2. സ്പെഷ്യൽ നീഡ് കുട്ടികളുടെ ഹോമിന് ജുവനൈൽ ജസ്റ്റിസ് അക്ട് 2015 പ്രകാരം രജിസ്ട്രേഷൻ നേടേണ്ടതാണ്.
3. അപേക്ഷിക്കുന്ന സംഘടനകൾക്ക് സ്പെഷ്യൽ നീഡ് കുട്ടികളെ സംരക്ഷിച്ച് അവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തി 3 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം.
4. സ്പെഷ്യൽ നീഡ് ഹോമിൽ 50 കുട്ടികളെ സംരക്ഷിക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കണം.
5. ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ ഉത്തരവ് അനുസരിച്ച് മാത്രമേ സ്ഥാപനത്തിൽ കുട്ടികളെ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ.
6. സ്പെഷ്യൽ നീഡ് കുട്ടികളുടെ സംരക്ഷണത്തിന് വേണ്ടി തുടങ്ങുന്ന ഹോമിൽ നിർബന്ധമായും ഫിസിക്കൽ മെഡിസിൻ റീഹാബിലിറ്റേഷൻ ഡോക്ടർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോതെറാപിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ്, ഒക്യുപേഷൻ തെറാപിസ്റ്റ്, സ്പെഷ്യൽ എജ്യൂക്കേറ്റർ തുടങ്ങിയ ജീവനക്കാർ നിർബന്ധമായും ഉണ്ടായിരിക്കണം.
7. സ്പെഷ്യൽ നീഡ് കുട്ടികളുടെ സംരക്ഷണത്തിനായി തുടങ്ങുന്ന ഹോമിൽ പീഡിയാട്രിക് റീഹാബിലിറ്റേഷൻ ഒ.പി., ഒക്യുപേഷൻ തെറാപ്പി, സ്പീച്ച ആൻഡ് ലാംഗ്വേജ് തെറാപ്പി, ക്ലിനിക്കൽ സൈക്കോളജി, സ്പെഷ്യൽ എജ്യൂക്കേഷൻ എന്നിവയ്ക്ക് പ്രത്യേക വിഭാഗം ഉണ്ടായിരിക്കണം.

8. ഹിയറിംഗ് ഇംപയർമെന്റ്, ഓട്ടിസം, ഡൗൺസിൻഡ്രോം, സെറിബ്രൽപാൾസി, മൾട്ടിപ്പിൾ ഡിസബിലിറ്റി തുടങ്ങിയ കുട്ടികളെ സംരക്ഷിച്ച് പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

9. 2014 ലെ പുതുക്കിയ സംയോജിത ശിശു സംരക്ഷണ പദ്ധതി ഗൈഡ് ലൈനിന്റെ അനക്സർ 10 പ്രകാരമുള്ള നിരക്കിലായിരിക്കും സാമ്പത്തിക സഹായം നൽകുന്നത് .

10. വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള 90 % തുക മാത്രമേ സാമ്പത്തിക സഹായമായി നൽകുകയുള്ളൂ ബാക്കിയുള്ള 10 % തുക സ്ഥാപനം വഹിക്കേണ്ടതാണ്.

11. അപേക്ഷയോടൊപ്പം ഭരണറിപ്പോർട്ട്, മൂന്ന് വർഷത്തെ ഓഡിറ്റ് സ്റ്റേറ്റ് മെന്റ്, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ തുടങ്ങിയവ ഉണ്ടായിരിക്കണം.

12. വകുപ്പിന്റെ സഹായത്തോടുകൂടി സ്പെഷ്യൽ നീഡ് കുട്ടികൾക്കായുള്ള ഹോം തുടങ്ങുന്നതിന് വേണ്ടി സംഘടനയുടെ ഗവേണിംഗ് ബോഡി തീരുമാനം ഉണ്ടായിരിക്കണം.

13. 2015 ലെ ബാലനീതി നിയമം 2016 ജുവനൈൽ ജസ്റ്റിസ് മോഡൽ റൂൾ എന്നിവ പ്രകാരം സ്പെഷ്യൽ നീഡ് കുട്ടികളുടെ ഹോമിന് ബാധകമായ എല്ലാ വ്യവസ്ഥകളും ചട്ടങ്ങളും തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ പാലിക്കേണ്ടതാണ്.

14. അപേക്ഷിക്കുന്ന സംഘടനകളിൽ മേൽപ്പറഞ്ഞ എല്ലാ വ്യവസ്ഥകളും അടിസ്ഥാന സൗകര്യങ്ങളും ഉള്ളതുമായ സന്നദ്ധ സംഘടനയെ മാത്രമേ പരിഗണിക്കുകയുള്ളൂ.

## അപേക്ഷിക്കേണ്ട വിധം

നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് , ഐ.സി.പി.എസ്., പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2018 ജൂലൈ 5 . കൂടുതൽ വിവരങ്ങൾക്ക് പ്രോഗ്രാം മാനേജർ, സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ 0471-2342235 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ

# കേരള സർക്കാർ - വനിതാ ശിശുവികസന വകുപ്പ്

## സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

### സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിൽ സ്പെഷ്യൽ നീഡ് കുട്ടികൾക്ക് ഹോം ആരംഭിക്കുന്നതിനുള്ള അപേക്ഷ

(ഐ.സി.പി.എസ്-SARA/1382/2018 നമ്പർ വിജ്ഞാപനം അനുസരിച്ച്)

1. സ്ഥാപനത്തിന്റെ പേര് :

2. മേൽവിലാസം :

3. ഫോൺ നമ്പർ :

4. ഇ-മെയിൽ ഐ.ഡി :

5. ട്രാവൻകൂർ കൊച്ചിൻ സാഹിത്യ ധർമ്മശാലാ - ശാസ്ത്രീയ സൊസൈറ്റി ആക്റ്റ് 1955 പ്രകാരമോ സൊസൈറ്റി രജിസ്ട്രേഷൻ ആക്റ്റ് 1860 പ്രകാരമോ, മറ്റ് ഏതെങ്കിലും ആക്റ്റ് പ്രകാരമോ രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

   എ. ഉണ്ടെങ്കിൽ, രജിസ്റ്റർ നമ്പറും തീയതിയും :

6. 2015-ലെ ജെ.ജെ ആക്റ്റ് സെക്ഷൻ 41 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

   എ. ഉണ്ടെങ്കിൽ, രജിസ്റ്റർ നമ്പറും കാലാവധിയും :

7. എം.ഒ.എ പ്രകാരം സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യം :

8. സംഘടന ആരംഭിച്ച തീയതിയും വർഷവും :

9. സ്ഥാപനം ആരംഭിച്ച തീയതിയും വർഷവും :

10. സ്ഥാപനത്തിന് സ്പെഷ്യൽ നീഡ് കുട്ടികളുടെ സംരക്ഷണത്തിന് ഹോം നടത്തി മൂന്ന് വർഷത്തെ പ്രവൃത്തി പരിചയമുണ്ടോ :

    A. ഉണ്ടെങ്കിൽ മൂന്ന് വർഷത്തെ ഭരണ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടോ?

    B. മൂന്ന് വർഷത്തെ ആഡിറ്റഡ് സ്റ്റേറ്റ്മെൻറ് ഓഫ് അക്കൗണ്ട് ഹാജരാക്കിയിട്ടുണ്ടോ?

11. സ്പെഷ്യൽ നീഡ് കുട്ടികളുടെ ഹോം നടത്തുന്നതിന് ആവശ്യമായ കെട്ടിടസൗകര്യം ലഭ്യമാണോ?

    A. ഉണ്ടെങ്കിൽ കെട്ടിടത്തിന്റെ വിസ്തൃതി :

    B. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി :

PTO

C. ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്പെഷ്യൽ നീഡ് കുട്ടികളുടെ ഹോമിന് കെട്ടിടസൗകര്യം ലഭ്യമല്ലെങ്കിൽ കെട്ടിടം ലഭ്യമാകുന്നതെങ്ങനെ, വിശദീകരിക്കുക :

12. സ്ഥാപനത്തിൽ പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ പരമാവധി എണ്ണം :

13. ഇപ്പോഴ് സ്ഥാപനത്തിലുള്ള തസ്തികയും എണ്ണവും :

14. സ്ഥാപനത്തിൻെറ പ്രവർത്തനങ്ങൾക്ക് ഒരു വർഷം വേണ്ടി വരുന്ന തുക :

15. ധനസഹായമായി ആവശ്യപ്പെടുന്ന തുക :

16. വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ടോ?

സ്ഥലം :

തീയതി :

കോർഡിനേറ്റർ